FRIDAY 19.04.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/04/2024

1. കാർഷിക ബിരുദധാരികൾക്കുള്ള മികച്ച ഉപരിപഠന മേഖലയാണ് അഗ്രിബിസിനസ് മാനേജ്മെന്റ്, കാർഷിക, വെറ്ററിനറി, ഫിഷറീസ് മുതലായ വിഷയങ്ങളിൽ ബിരുദം പൂർത്തിയാക്കിയവർക്ക് ചേരാവുന്ന അഗ്രിബിസിനസ് മാനേജ്മെന്റ് സപ്ലൈ ചെയിൻമാനേജ്മെന്റ്, റൂറൽമാനേജ്മെന്റ് കോഴ്സുകളുണ്ട്. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സ്റ്റൻഷൻ മാനേജ്മെന്റിൽ അഗ്രി ബിസിനസ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാനുള്ള പ്രാഥമിക യോഗ്യത കാർഷിക, കാർഷിക അനുബന്ധ ബിരുദമാണ്. മഹാരാഷ്ട്രയിലുള്ള ഡി.വൈ പാട്ടീൽ യൂണിവേഴ്സിറ്റിയിലും കാർഷിക അനുബന്ധ ബിരുദധാരികൾക്ക് അഗ്രിബിസിനസ് മാനേജ്മെൻറിൽ ബിരുദാനന്തര പ്രോഗ്രാമുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് നടത്തുന്ന അഗ്രിബിസിനസ്മാനേജ്മെൻറ് പ്രോഗ്രാമുകൾക്കും ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാം. അഹമ്മദാബാദിലെ സെപ്റ്റ് യൂണിവേഴ്സിറ്റിയിൽ ബാച്ചലർ പ്രോഗ്രാം ഇൻ ഡിസൈൻ, സിവിൽ എൻജിനിയറിംഗ്, അർബൻ ഡിസൈൻ, ആർക്കിടെക്ചർ, ഡിസൈൻ, മാനേജ്മെന്റ്, പ്ലാനിംഗ്, ടെക്നോളജി ബിരുദാനാന്തര പ്രോഗ്രാമുകൾക്കും ഓൺലൈനായി www.cept.ac.in അപേക്ഷിക്കാം.

2. ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ചു. എടത്വ, ചെറുതന പഞ്ചായത്തുകളിൽ കഴിഞ്ഞ ദിവസം നിരവധി താറാവുകൾ കൂട്ടത്തോടെ ചത്തിരുന്നു. താറാവുകളുടെ സാമ്പിളുകൾ ഭോപ്പാലിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മൃഗസംരക്ഷണ വകുപ്പ് അയച്ചതിൽ പരിശോധിച്ച മൂന്ന് സാമ്പിളുകളും പോസിറ്റീവ് ആണെന്നാണ് റിപ്പോർട്ട്. രോഗബാധ സ്ഥിരീകരിച്ച മേഖല കണ്ടെയ്ൻമെന്റ് സോണുകളാക്കി തിരിച്ച് പ്രതിരോധ പ്രവർത്തനങ്ങളാണ് ആരോഗ്യ-സംരക്ഷണ വകുപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സ്വീകരിച്ച് വരുന്നത്. എച്ച് 5 എൻ 1 വിഭാഗത്തിലുള്ള വൈറസാണ് പക്ഷിപ്പനിക്ക് കാരണമാകുന്നത്.

3. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രം പരിസരത്തുവച്ച് രണ്ടുമാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഈ മാസം 20 ന് പകൽ 9 മുതൽ കുഞ്ഞൊന്നിന് 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9744321158.

4. കുളമ്പുരോഗം ക്ഷീരകർഷകരെ ദുരിതത്തിൽ ആഴ്ത്തുന്ന ഒരു പകർച്ചവ്യാധിയാണ്. പ്രതിരോധ കുത്തിവെപ്പിലൂടെ മാത്രമേ രോഗത്തെ പൂർണമായും തടയാൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് പലപ്പോഴും കുളമ്പുരോഗം പൊട്ടിപ്പുറപ്പെടുന്ന സാഹചര്യത്തിൽ തങ്ങളുടെ ക്ഷീര സംരംഭങ്ങളിൽ കന്നുകാലികൾക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാൻ കർഷകർ പ്രത്യേകം ജാഗ്രത പുലർത്തണം. പശുക്കിടാങ്ങൾക്ക് നാലുമാസം പ്രായമെത്തുമ്പോൾ ആദ്യത്തെ കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് നൽകണം. ആദ്യ കുത്തിവെപ്പ് നൽകി മൂന്നാഴ്ച കഴിഞ്ഞ് ബൂസ്റ്റർ ഡോസ് നൽകണം. പിന്നീട് ഓരോ ആറുമാസം കൂടുമ്പോഴും കൃത്യമായി കുത്തിവെപ്പ് ആവർത്തിക്കണം. ഇതുവരെ പ്രതിരോധ കുത്തിവെപ്പ് എടുക്കാത്ത കാലികൾക്ക് വാക്സിൻ നൽകുന്നതിനായി ഏപ്രിൽ 12 മുതൽ മൃഗസംരക്ഷണവകുപ്പ് സംസ്ഥാനത്ത് പ്രത്യേക വാക്സിനേഷൻ യജ്ഞം നടത്തി വരുന്നു. തൊട്ടടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് കർഷകർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

**പരിശീലന പരിപാടി**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ 2024 ഏപ്രിൽ 29 -ന് കോട്ടയത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാം.

**6. കാർഷിക നിർദ്ദേശം**

കണ്ണിമാങ്ങാപ്പരുവത്തിൽ മാങ്ങ വിണ്ടുകീറി പൊഴിയുന്നതും ചെറിയ മാങ്ങയുടെ ചുണ്ടു ഭാഗത്ത് മഞ്ഞ നിറം വന്നശേഷം അവിടെ ചെറിയ പൊട്ടലുണ്ടായി പൊഴിയുന്നതും ബോറോണിന്റെ കുറവുകൊണ്ടാണ്. ഇതു പരിഹരിക്കുന്നതിന് ബോറിക് ആസിഡ് ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ കലക്കി സ്പ്രേ ചെയ്യുക (ബോറിക് ആസിഡ് 20 ഗ്രാം പാക്കറ്റായി മെഡിക്കൽ ഷോപ്പിൽ ലഭിക്കും). ഈ വർഷത്തെ കാലാവസ്ഥ അനുസരിച്ച് ദിവസേന 3 തവണ നനയ്ക്കുന്നത് മാങ്ങാപൊഴിച്ചിൽ കുറയാൻ സഹായക രമാണ്. കായീച്ച നിയന്ത്രണത്തിനുള്ള ഫിറമോൺകെണികൾ മാവിൽനിന്നു തെല്ലകലെയായി ഇരുവശങ്ങളിലും ഓരോന്നു വീതമെങ്കിലും സ്ഥാപിക്കുക. ഉയർന്ന താപനില ഉള്ളതിനാൽ തുള്ളൻ ഇനം പ്രാണികൾ പെരുകുന്നതിനുള്ള സാധ്യത കാണുന്നു. വിളക്കുകെണികൾ ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം